# മഹാത്മാഗാന്ധി സർവ്വകലാശാല

## 2023 ഡിസംബർ 13–ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 02.30–ന് സിൻഡിക്കേറ്റ് ഹാളിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ (23.09) നടപടിക്കുറിപ്പുകൾ

ഹാജരായ അംഗങ്ങൾ:

| | | |
|---|---|---|
| 1. | ഡോ. സി. റ്റി. അരവിന്ദകുമാർ | വൈസ് ചാൻസിലർ (അദ്ധ്യക്ഷൻ) |
| 2. | ഡോ. ബി. കേരളവർമ്മ | സിൻഡിക്കേറ്റംഗം |
| 3. | ഡോ. ബിജു തോമസ് | സിൻഡിക്കേറ്റംഗം |
| 4. | ഡോ. എ. ജോസ് | സിൻഡിക്കേറ്റംഗം |
| 5. | ഡോ. സിനി കുര്യൻ | സിൻഡിക്കേറ്റംഗം |
| 6. | ഡോ. ബീന മാത്യു | സിൻഡിക്കേറ്റംഗം |
| 7. | ഡോ. ബൈജു കെ. ആർ. | സിൻഡിക്കേറ്റംഗം |
| 8. | ഡോ. ബാബു മൈക്കിൾ | സിൻഡിക്കേറ്റംഗം |
| 9. | ശ്രീ. അമൽ  എബ്രഹാം | സിൻഡിക്കേറ്റംഗം |

സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഷജിലാ ബീവി എസ്., ഡോ. ബിജു പുഷ്പൻ, ഡോ. പി. എസ്. രാധാകൃഷ്ണൻ, ഫിനാൻസ് വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എൽ ആർ സജീവ് കുമാർ എന്നിവർ ഓൺലൈനായി യോഗത്തിൽ പങ്കെടുത്തു.

രജിസ്ട്രാർ (i/c) ഡോ. ജയചന്ദ്രൻ കെ–യും സന്നിഹിതനായിരുന്നു.

<u>അനുശോചന പ്രമേയം :</u>

സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ പി. സിറിയക് ജോൺ, കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി സ്ഥാപകനും വെല്ലൂർ മെഡിക്കൽ കോളേജ് പീഡിയാട്രിക്സ് വിഭാഗം മുൻ പ്രൊഫസറും മലയാള മനോരമയുടെ മെഡിക്കൽ ഡയറക്ടറുമായ ഡോ. കെ. സി. മാമ്മൻ, മുൻ ഐ.എ.എസ് ഉദ്യോഗസ്ഥനും രാഷ്ട്രപതിയുടെ മുൻ സെക്രട്ടറിയുമായ ക്രിസ്റ്റി ഫെർണാണ്ടസ്, നടിയും നർത്തകിയും സംഗീതജ്ഞയുമായ ആർ. സുബ്ബലക്ഷ്മി അമ്മാൾ, പ്രമുഖ ചിന്തകനും അധ്യാപകനും സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. എം. കുഞ്ഞാമൻ, വ്യവസായ വകുപ്പ് മുൻ അഡീഷണൽ ഡയറക്ടർ എൻ. ബാലകൃഷ്ണൻ, എഴുത്തുകാരനും പത്രപ്രവർത്തകനും വിവർത്തകനുമായ എൻ. കുഞ്ചു എന്നിവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

## (I) (a) 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് III 10(17) പ്രകാരം ബഹു. വൈസ് ചാൻസലർ കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നവ:

**ഇനംനമ്പർ 01/23.09/**123702/SF SPECIAL CELL - 3/2022/SFSP **Implementation of the orders of the Hon'ble Supreme Court dated 21.11.2023 in Contempt Case (C) Nos. 631-665/2022 in SLP(C) No. 30160-30194/2019 filed by Sri Anilkumar N & others - Disbursing arrears of salary/wages to the writ petitioners - UO issued as per section 3.10(17) of the MGU Act 1985- reported to the Syndicate for consideration and approval.**

On implementation of the orders of the Hon'ble Supreme Court dated 21.11.2023 in Contempt Case (C) Nos. 631-665/2022 in SLP(C) No. 30160-30194/2019, sanction has been accorded by the Hon'ble Vice Chancellor exercising the powers under Section 3.10(17) of the MGU Act 1985 for the following:

(a) University shall disburse the eligible arrears of salary to those 26 petitioners who had not joined the CPAS during its formation in July 2017, subject to the verification and approval of the Finance Audit wing of the University and

(b) to give direction to the CPAS for bearing the liability in the disbursing of the arrears of salary in respect of those 66 petitioners who continued in CPAS from July 2017, alongwith the details of calculation of arrears of salary entitled to them as worked out by the University.

(c) to inform the writ petitioners who had joined with CPAS in July 2017, to collect the benefits entitled as per the orders of the Apex Court dated 21.11.2023 from the Director, CPAS.

The action taken by the Vice Chancellor exercising the powers under Chapter III.10 (17) of M G University Act 1985 and consequent issuance of UO No. 12458/SF 1/2023/MGU dt. 12.12.2023 was reported to the Syndicate.

**ഇനംനമ്പർ.ഒ.എ.01/23.09/**123702/SF SPECIAL CELL - 3/2022/SFSP **Implementation of the orders of the Hon'ble Supreme Court dated 21.11.2023 in Contempt Case (C) Nos. 631-665/2022 in SLP(C) No. 30160-30194/2019 filed by Sri Anilkumar N & others - Disbursing arrears of salary/wages to the writ petitioners - reg.**

ബഹു: സുപ്രീം കോടതി മുൻപാകെയുള്ള CONTEMPT PETITION (C) NO.631-665 OF 2022 IN SLP (C) NO.30160-30194 OF 2019 ലെ 21/11/2023-ലെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് നാളിതു വരെ സർവ്വകലാശാല കൈക്കൊണ്ട നടപടികൾ വൈസ് ചാൻസലർ യോഗത്തിനു മുൻപാകെ വിശദീകരിക്കുകയും വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്നവ തീരുമാനിക്കുകയും ചെയ്തു.

1. ബഹു: സുപ്രീം കോടതി മുൻപാകെയുള്ള CONTEMPT PETITION (C) NO.631-665 OF 2022 IN SLP (C) NO.30160-30194 OF 2019 ലെ 21/11/2023-ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി CPAS രൂപീകരണ വേളയിൽ CPAS-ൽ സേവനത്തിൽ പ്രവേശിച്ച 66 ഹർജ്ജിക്കാർക്ക് നൽകേണ്ട കുടിശ്ശിക വേതനം സർക്കാർ നിർദ്ദേശമനുസരിച്ച് CPAS നൽകേണ്ടതാണെന്നുള്ള സർവ്വകലാശാല നിർദ്ദേശത്തിന് CPAS ഡയറക്ടർ 12/12/2023-ൽ നൽകിയ 4713/2019/CPASHO നമ്പർ കത്ത് യോഗം ചർച്ച ചെയ്യുകയും പണം നൽകാനാവില്ല എന്ന സീപ്പാസിന്റെ നിലപാട് നിരാകരിച്ച് കൊണ്ടും ബഹു: സുപ്രീം കോടതിയുടെ ഉത്തരവനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ പണം നല്കുന്നതിനെപ്പറ്റി ഓർമ്മപ്പെടുത്തിക്കൊണ്ടും മറുപടി നൽകുന്നതിന് തീരുമാനിച്ചു.

2. ബഹു: സുപ്രീം കോടതി മുൻപാകെയുള്ള CONTEMPT PETITION (C) NO.631-665 OF 2022 IN SLP (C) NO.30160-30194 OF 2019 ലെ 21/11/2023-ലെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വകലാശാലക്കുണ്ടാവുന്ന അധിക ബാധ്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആയതിലേക്കായി ഒറ്റത്തവണ ധനസഹായം ആവശ്യപ്പെടുന്നതിനായി സിൻഡിക്കേറ്റിന്റെ പ്രതിനിധി സംഘം സർക്കാരിനെ അടിയന്തിരമായി സമീപിക്കുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.ഒ.എ.02/23.09/81563/P&D 1-2/2020** **സർവകലാശാല ക്യാമ്പസിനുള്ളിലെ BSNL മൊബൈൽ കവറേജ് പ്രശ്നം പരിഹരിക്കുന്നതിനായി BSNL സമർപ്പിച്ച പ്രൊപോസൽ സംബന്ധിച്ച് :-**

സർവകലാശാല ക്യാമ്പസിനുള്ളിലെ BSNL മൊബൈൽ കവറേജ് പ്രശ്നം പരിഹരിക്കുന്നതിനായി താഴെപ്പറയുന്നവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

1. സർവകലാശാല എൻജിനീയറിങ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുകളിലായി 6 metre mast tower സ്ഥാപിക്കുന്നതിനുള്ള അനുമതി BSNL-ന് നൽകുന്നതിനും,
2. വാടക ഈടാക്കാതെ പ്രസ്തുത ടവർ 5 വർഷത്തേക്ക് പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ട് എഗ്രിമെന്റിൽ ഏർപ്പെടുന്നതിനും,
3. ടവർ പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതി സർവകലാശാല നൽകിക്കൊണ്ട്, ആയതുമായി ബന്ധപ്പെട്ടുണ്ടാകുന്ന വൈദ്യുത നിരക്ക് (electricity bill) BSNL-ൽ നിന്ന് ഈടാക്കുന്നതിനും,
4. ടവർ സ്ഥാപിക്കുന്നത്തിനായി കണ്ടെത്തിയ സ്ഥലത്തേക്ക് ഫൈബർ കണക്ടിവിറ്റി നൽകുന്നതിനുള്ള അനുമതി നൽകുന്നതിനും,
5. പ്രസ്തുത സ്ഥലത്തേക്ക് 24/7 പ്രവേശിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും തീരുമാനിച്ചു.

**ഇനംനമ്പർ.ഒ.എ.03/23.09** **സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 2022-23 വർഷം സർവ്വകലാശാലക്ക് ലഭിക്കേണ്ട നോൺ പ്ലാൻ ഗ്രാന്റിലെ ഒരു ഗഡു ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 2022-23 വർഷം സർവ്വകലാശാലക്ക് ലഭിക്കേണ്ട നോൺ പ്ലാൻ ഗ്രാന്റിലെ ഒരു ഗഡു അടിയന്തിരമായി ലഭ്യമാക്കുന്നതിന് സിൻഡിക്കേറ്റിന്റെ പ്രതിനിധി സംഘം സർക്കാരിനെ അടിയന്തിരമായി സമീപിക്കുന്നതിന് തീരുമാനിച്ചു.

(വായിച്ച്, സ്ഥിരീകരിച്ചു.)

പി. ഡി. ഹിൽസ്
13.12.2023

**രജിസ്ട്രാർ (i/c)**